## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1517**

**31.01.2018 – ൽ**
**മറുപടിയ്ക്ക്**

### ഫാം ടൂറിസം പദ്ധതി

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലം ജില്ലാ കൃഷി തോട്ടത്തിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ; | എ) 1) നാളികേര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണമേന്മയുള്ളതും, അത്യുല്പാദന ശേഷിയുള്ളതുമായ തെങ്ങിനങ്ങളുടെ 7 പ്രാഥമിക പ്രദർശനതോട്ടങ്ങളും 7 അനുബന്ധ പ്രദർശനത്തോട്ടങ്ങളും നിർമ്മിക്കുന്നതിലേയ്ക്കായി ₹11,27,000/- (പതിനൊന്ന് ലക്ഷത്തി ഇരുപത്തിയേഴായിരം) രൂപ അനുവദിച്ചിട്ടുണ്ട്. ഓരോ തോട്ടങ്ങളിലും അത്യുല്പാദന ശേഷിയുള്ളതും ഗുണമേന്മയേറിയതുമായ 35 തെങ്ങിൻ തൈകൾ വീതം വെച്ചു പിടിപ്പിക്കുന്നു.<br>2) വിദേശ ഇനം പഴവർഗ്ഗത്തോട്ടം നട്ടുപിടിപ്പിക്കുന്നതിന്റെ ഭാഗമായി റംബൂട്ടാൻ, ഫിലോസാൻ തുടങ്ങിയ ഗുണമേന്മയേറിയ വിദേശ പഴവർഗ്ഗങ്ങളുടെ പ്രദർശന ത്തോട്ടം നിർമ്മിക്കുന്നതിലേയ്ക്കായി 5/- ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.<br>3) വിവിധ ഇനം ഫലവൃക്ഷങ്ങളുടെ പുതിയ മാതൃസസ്യത്തോട്ടം തുടങ്ങുവാനും നിലനിൽക്കുന്ന പുനരുദ്ധരിക്കുവാനും പരിപാലിക്കുവാനുമായി 6,55,000/- രൂപ അനുവദിച്ചിട്ടുണ്ട്.<br>4) പ്രധാനമന്ത്രി കൃഷി സിൻജായി യോജന പദ്ധതിയിൽ (PMKSY) ഉൾപ്പെടുത്തി ജില്ലാ കൃഷിത്തോട്ടം നേര്യമംഗലത്ത് ചെക്ക് ഡാം നിർമ്മിക്കുന്നതിനായി 2/- കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.<br>5) ഔഷധ സസ്യത്തോട്ട നിർമ്മാണത്തിനായി 1/- ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. |
| ബി) ഫാമിന്റെ വികസനത്തിന് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ; | ബി) ഫാമിന്റെ വികസനത്തിന് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംയോജിത കൃഷി രീതിയും കൃഷി അധിഷ്ഠിത വിനോദ സഞ്ചാരവും ഈ ഫാമിൽ ആരംഭിക്കുന്നതിനായി ഉദ്ദേശിക്കുന്നു. |
| സി) ഇവിടെ പ്രഖ്യാപിച്ചിട്ടുള്ള ഫാം ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | സി) ആരംഭിച്ചിട്ടില്ല.<br>സംയോജിത കൃഷി രീതിയും കൃഷി അധിഷ്ഠിത വിനോദ സഞ്ചാരവും നേര്യമംഗലം ജില്ലാ കൃഷി ഫാമിൽ ആരംഭിക്കുന്നതിനായി 21 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത് ആയതിന്റെ കരട് രൂപരേഖ തയ്യാറാക്കി വരുന്നു. |

ഡി) ഫാമിനോട് അനുബന്ധിച്ച സ്ഥലത്ത് മാലിന്യ പ്ലാന്റ് തുടങ്ങുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

ഡി) ഇല്ല. മാലിന്യസംസ്കരണ മേഖലയിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന നിക്ഷേപപദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ കേന്ദ്രം സ്ഥാപിക്കുന്നതിന് ഫാമിന്റെ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച നിർദ്ദേശമുണ്ടെങ്കിലും കൃഷി ഫാമിന്റെ സ്ഥലം മറ്റാവശ്യങ്ങൾക്ക് വിട്ടു നൽകാൻ കൃഷി വകുപ്പ് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ഇ) ഇവിടെ മാലിന്യ സംസ്കരണ പ്ലാന്റ് ആരംഭിച്ചാൽ ജില്ലയിലെ കുടിവെള്ള സ്രോതസ്സായ പെരിയാറിൽ ഉണ്ടാകാവുന്ന മാലിന്യ പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഇ) ഇല്ല.

സെക്ഷൻ ഓഫീസർ